# പതിമൂന്നാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 623

09-07-2014-ൽ മറുപടിക്ക്

## എമർജിംഗ് കേരളയിലെ പദ്ധതികൾക്ക് ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.എം.എ.ബേബി<br>ശ്രീ.എസ്.രാജേന്ദ്രൻ<br>പ്രൊഫ.സി.രവീന്ദ്രനാഥ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) എമർജിംഗ് കേരളയിൽ സമർപ്പിച്ച പദ്ധതികൾക്ക് ഭൂമി നൽകുന്നതിൽ സ്വീകരിച്ച നിലപാടുകൾ എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) സർക്കാർ ഉത്തരവ് നം.1412/2012/വ്യവ തീയതി 24/09/2012 പ്രകാരം എമർജിംഗ് കേരളയിൽ സ്വീകരിക്കേണ്ട തുടർ നടപടികളും ജി.ഒ.(ആർ.റ്റി)നം.1347/2012/വ്യവ. തീയതി 10/09/2012 പ്രകാരം സ്വീകരിക്കേണ്ട പൊതുസമീപനങ്ങൾ സംബന്ധിച്ചും സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. ഇതിൻ പ്രകാരം ഒരു കാരണാവശാലും സർക്കാർ ഭൂമി പ്രോജക്ടുകൾക്കായി വിൽക്കുകയില്ല - എന്നാൽ പ്രോജക്ടിന്റെയും സാമ്പത്തികവും സാമൂഹികവുമായ പ്രധാന്യം കണക്കിലെടുത്ത് ഭൂമി പാട്ടത്തിന് നൽകുന്നതാണെന്നും പാട്ടക്കാലാവധി സാധാരണ നിലയിൽ 30 വർഷമായിരിയ്ക്കുമെന്നും ഉത്തരവായി |

| | | | |
|---|---|---|---|
| | | | രുന്നു. വ്യവസായ സംരംഭങ്ങൾക്കായി അനുവദിച്ച ഭൂമിയിൽ 6 മാസത്തിനുള്ളിൽ വ്യവസായം തുടങ്ങുന്നതിനുള്ള നടപടികൾ ഒന്നും തന്നെ ബന്ധപ്പെട്ട നിക്ഷേപകർ സ്വീകരിയ്ക്കുന്നില്ലായെങ്കിൽ അത്തരം ഭൂമികൾ തിരിച്ചെടുക്കുകയും അങ്ങനെ തിരിച്ചെടുക്കപ്പെട്ട ഭൂമിയെ സംബന്ധിച്ച വിശദാംശങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുവാനും ഉത്തരവായിരുന്നു. |
| **(ബി)** | പദ്ധതി സമർപ്പിച്ച പല സ്ഥാപനങ്ങളും സർക്കാർ ഭൂമി ലക്ഷ്യം വച്ചവരാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടായിരുന്നുവോ; | **(ബി)** | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| **(സി)** | എമർജിംഗ് കേരളയിൽ സമർപ്പിച്ച പദ്ധതികൾക്ക് സർക്കാർ ഭൂമി നൽകില്ല എന്ന മുൻ നിലപാടിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | **(സി) (ഡി) & (ഇ)** | എമർജിംഗ് കേരളയിൽ അവതരിപ്പിച്ച പദ്ധതികൾക്ക് പാട്ടത്തിനു മാത്രമേ ഭൂമി നൽകുകയുള്ളു എന്ന നിലപാടിന് മാറ്റം വരുത്തിയിട്ടില്ല.<br><br>എമർജിംഗ് കേരളയിൽ സമർപ്പിച്ച പദ്ധതികളിൽ ചിലതിന് കെ.എസ്.ഐ.ഡി.സി.യുടെയും കിൻഫ്രയുടെയും അധീനതയിലുള്ള ഭൂമി പാട്ടക്കരാർ വ്യവസ്ഥയിൽ |
| **(ഡി)** | എമർജിംഗ് കേരളയിൽ സമർപ്പിച്ച | | |

പദ്ധതിക്ക് ഭൂമി നൽകുന്നതിന് നീക്കമുണ്ടെങ്കിൽ ഏത് തരത്തിലുള്ള ഭൂമിയാണ് കണ്ടെത്തുന്നതെന്നും, ഭൂമി നൽകുന്നതിനുള്ള മാനദണ്ഡം എന്തായിരിക്കുമെന്നും വ്യക്തമാക്കാമോ;

(ഇ) ഭൂമി ആവശ്യപ്പെട്ട സംരംഭങ്ങൾ ഏതെല്ലാമാണ്?

നിക്ഷേപകർക്ക് നൽകുന്നത് സംബന്ധിച്ച് നിക്ഷേപകരും അധികൃതരുമായി ചർച്ചകൾ നടത്തിയിരുന്നു. എന്നാൽ ഭൂമി അനുയോജ്യമല്ലാത്തതിനാൽ ചില നിക്ഷേപകർ ഭൂമി ഏറ്റെടുത്തിട്ടില്ല. തുടർന്നും നിക്ഷേപകർ ഭൂമിക്കായി സമീപിച്ചാൽ അവരുടെ അപേക്ഷ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ